കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെള്ളറട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1969/2017 കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 11.10.2017

ഫോൺ- 0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

വെള്ളറട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെള്ളറട ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ

നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1969/2017 തീയതി: 11.10.2017

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ*

*ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2016 മുതൽ 21.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ചു ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ജമാലുദ്ദീൻ.എ. (ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2017മുതൽ 27.09.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സിന്ധുലാബീവി (ഓഡിറ്റ് ഓഫീസർ)<br>ശ്രീ.സുരേഷ്ബാബു (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി ജയലക്ഷ്മി.ബി.കെ.(സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.കോസല രാമദാസ്. (ഓഡിറ്റർ) |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി എം.ശോഭകുമാരി (01.04.2016 മുതൽ 31.03.2017 വരെ) |
| സെക്രട്ടറി | ശ്രീമതി രാധാമണി തങ്കം.കെ.ജി. (01.04.2016 മുതൽ 31.05.2016 വരെ)<br><br>ശ്രീമതി ബീന.ടി.എസ് (ചാർജ്ജ്) (01.06.2016 മുതൽ 14.07.2016 വരെ<br><br>ശ്രീ.കെ.സതീഷ് കുമാർ (15.07.2016 മുതൽ 01.01.2017 വരെ)<br><br>ശ്രീമതി ബീന.ടി.എസ്(ചാർജ്ജ്) (02.01.2017 മുതൽ 10.01.2017 വരെ)<br><br>ശ്രീ.രമേഷ്.ജി. (11.01.2017 മുതൽ 31.03.2017 വരെ) |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബേബി ജോൺ | 01.04.2016 മുതൽ 30.04.2016 വരെ |
| | ശ്രീമതി ബീന.ടി.എസ് | 02.05.2016 മുതൽ 02.07.2016 വരെ |
| | ശ്രീ.കിഷോർ.കെ.എസ് | 03.07.2016 മുതൽ 31.12.2016 വരെ |
| | ശ്രീമതി ബീന.ടി.എസ് | 01.01.2017 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സൗമ്യ.ആർ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സാം ഡേവിഡ്.ഐ.ബി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ലൈല | 01.04.2016 മുതൽ 10.08.2016 വരെ |
| | ഡോ.രാഖി | 10.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.സതീഷ് | 01.04.2016 മുതൽ 18.06.2016 വരെ |
| | ഡോ.സജീവ് | 18.06.2016 മുതൽ 22.09.2016 വരെ |
| | ഡോ.സുജ | 22.09.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രീതി.എൻ.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി | ഡോ.സിമി ആൻസലൻ | 01.04.2016 മുതൽ |

| | | |
|---|---|---|
| സർജൻ | | 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി കുശലകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി പ്രസന്നകുമാരി | |
| വി.ഇ.ഒ | ശ്രീ.വിനു ജോസഫ് | 01.04.2016മുതൽ 31.03.2017വരെ |
| | ശ്രീമതി ലിജി | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രമ്യ.ആർ.എസ് | 01.04.2016മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | പൊതുഅവലോകനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല | 2-2 |

| | | |
|---|---|---|
| 14 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല | 2-3 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലിക്കമാക്കി സൂക്ഷിക്കുന്നില്ല | 2-4 |
| 16 | ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു. | 2-5 |
| 17 | പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല | 2-6 |
| 18 | വസ്തുനികുതി കുടിശ്ശിക – 5921601/- രൂപ | 2-7 |
| 19 | ട്യൂട്ടോറിയൽ കോളേജുകളിൽ നിന്ന് രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-8 |
| 20 | മൊബൈൽ ടവറുകളിൽ നിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല | 2-9 |

| | | |
|---|---|---|
| 21 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-10 |
| 22 | ലേലകുടിശ്ശിക- 15500/-രൂപ പിരിച്ചെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ് | 2-11 |
| 23 | ബിൽഡിംഗ് പെർമിറ്റ് ഫീസ് നിർണ്ണയം- 1497/-രൂപ കുറവ് ഈടാക്കി | 2-12 |
| 24 | കടമുറികളുടെ വാടക കുടിശ്ശിക- 37087/- -നടപടി അനിവാര്യം | 2-13 |
| | ഭാഗം-3 | |
| 25 | മുട്ടച്ചൽ അംഗൻവാടി മെയിന്റനൻസ്-ഇലക്ട്രിഫിക്കേഷൻ ചെയ്ത രേഖകൾ ലഭ്യമാക്കിയില്ല- തുക തടസ്സം ചെയ്യുന്നു | 3-1 |
| 26 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം ചെയ്ത പദ്ധതികൾ അപാകതകൾ- 200000/- രൂപ തടസ്സം ചെയ്യുന്നു | 3-2 |

| | | |
|---|---|---|
| 27 | സെന്ററിംഗ് & ഷട്ടറിംഗ് അധികനിരക്കും തുകയും നൽകി- നഷ്ടം 2549/- രൂപ | 3-3 |
| 28 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല | 3-4 |
| 29 | ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല-197476/-രൂപ തടസ്സപ്പെടുത്തുന്നു | 3-5 |
| 30 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 200000/-രൂപ | 3-6 |
| 31 | തനത് വരുമാനം രണ്ട് അക്കൗണ്ടുകളിൽ സൂക്ഷിക്കേണ്ടതാണ്. | 3-7 |
| 32 | അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| 33 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-9 |

| | | |
|---|---|---|
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-10 |
| | ഭാഗം - 4 | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ധനകാര്യ വിശകലനം

| | പ്രതീക്ഷിതം | യഥാർത്ഥം | വ്യത്യാസം |
|---|---|---|---|
| വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 414087100 | 103436133 | 310650967 |
| ചെലവ് | 407126100 | 65191634 | 341934466 |
| നീക്കിയിരിപ്പ് | 6961000 | 38244499 | -31283499 |

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർത്ഥ വരവുചെലവുകളേക്കാൾ വളരെ കൂടുതലാണ്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.07.2016 | 26.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22.09.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 27856989/-

വരവ് : 75579144/-

ആകെ : 103436133/-

ചെലവ് : 65191634/-

നീക്കിയിരിപ്പ് : 38244499/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17900836 | 17900836 | 17900836 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 0 | 3692025 | 3692025 | 3692025 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 317750 | 317750 | 317750 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6193956 | 6193956 | 6193956 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3232943 | 3232943 | 3232943 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9405950 | 9405950 | 9405950 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1264197 | 1264197 | 1264197 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 75896995 | 75896995 | 75896995 | 0 | 100% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 13294944 | 13789752 | 27084696 | 9799277 | 17285419 | 36% |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 95528005 | 122 | 43930809 | 30 | 96 | 49.19 |

# 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 1783935 | 1941452 | +157317 |
| കെട്ടിട നികുതി | 1445466 | 3745719 | +2300253 |
| പരസ്യ നികുതി | 0 | 5040 | |
| നികുതിയേതര വരവുകൾ | | | |
| ലേലം | 1055613 | 989583 | -66030 |
| ഡി&ഒ ലൈസൻസ് | 140210 | 128900 | -11310 |
| ഷോപ്പിംഗ് കോംപ്ലക്സ് | 1102201 | 1087537 | -14664 |

| | | | |
|---|---|---|---|
| മറ്റുവരവുകൾ | 934405 | 6508105 | -5573700 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1254120 | 667 |
| കർഷക തൊഴിലാളി പെൻഷൻ | 14196550 | 7557 |
| വിധവാപെൻഷൻ | 22174140 | 9213 |
| വാർദ്ധക്യകാല പെൻഷൻ | 30134240 | 11671 |
| വികലാംഗ പെൻഷൻ | 7536745 | 3051 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 601200 | 226 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2017 രാവിലെ 11 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20037/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വെള്ളറട ഗ്രാമപഞ്ചയത്തിന്റെ നികുതിയേതര വരവിനങ്ങളിൽ നിന്നുംതന്നാണ്ടിൽ ലഭിച്ചതുക മുൻവർഷത്തെ അപേക്ഷിച്ച് കുറവാണ്. ട്രേഡേഴ്സ് രജിസ്റ്ററിലെ മുഴുവൻ പേരേയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറി യങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെയും രജിസ്ട്രേഷൻ പുതുക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യു റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്. അംഗനവാടികൾ, ശിശുമന്ദിരം, ബഡ്സ് സ്കൂൾ എന്നിവയുടെ നിലവിലെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേ ണ്ടതാണ്. സാമൂഹ്യ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറുമ്പോൾ അന്വേഷണ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം എന്നീ വിവരങ്ങൾ രേഖപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർകൃത്യമായി പരിപാലിക്കേണ്ടതാണ്. പവ്വർ ഡിപ്പാർട്ട്മെന്റിന്റെ 23.03.1997-ലെ 13-ാം നം. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഉപഭോഗത്തിനനുസൃതമായാണ് വൈദ്യുത ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ബിൽ രജിസറ്റർ, അഡ്വാൻസ് രജിസറ്റർ, ഡെപ്പോസിററ് രജിസ്ററർ തുടങ്ങിയ രജിസറ്ററുകളുടെ പരിപാലനം നിയമാനുസൃതമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2017 | 01.07.2017 മുതൽ 31.08.2017 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2007 | 2006-07 | 01.10.2007 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

2016-17-ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. ബി.4-ഷെഡ്യൂളിൾ പ്രകാരമുള്ള TSC(320100115), ICDS(320100121), Suchithwa- mission (320200322), Beneficiary Contribution(320800101), Grants funds & Contribution - other than Developement fund(320200205) എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിനോടൊപ്പമാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തുകകൾ അതതു പദ്ധതിചെലവുകൾക്ക് ഉപയോഗിക്കയോ, അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

2. ബി.4-ഷെഡ്യൂൾ പ്രകാരമുള്ള Literacy Scheme Grant നീക്കിയിരുപ്പ് (2,019/-രൂപ) ബി.17-ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പുമായി(2,653/- രൂപ) പൊരുത്തപ്പെടുന്നില്ല

3. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 3122400/- രൂപ ലോണടവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തിരിച്ചടവ് 1179000/- രൂപയാണ്.
4. ബി.9-ഷെഡ്യൂൾ പ്രകാരം Library Cess (5,71,634/-), VAT(38,052/-), Others (8,418/-) എന്നീ ഇനങ്ങളിൽ ബാക്കി നിൽക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്.
5. ബി.17-ഷെഡ്യൂൾ പ്രകാരമുള്ള അക്കൗണ്ടുകളുടെ റിക്കൻസിലിയേഷൻ നടത്തിയിട്ടില്ല.
6. ബി.18-ഷെഡ്യൂളിൽ Imprest(200/- രൂപ) ഉൾപ്പെടുത്തിയിട്ടില്ല.
7. ബി.18-ഷെഡ്യൂളിൽ ഉൾപ്പെട്ട Festival Advance(19,000/-), Advance to implementing Agencies-Deposit with Ground water Department(7080/-), Advance to implementing Officers(8000), Advance to others (4,38,645/-) ഇനങ്ങളിൽ നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.
8. KSEB-ക്ക് നൽകിയ ഡെപ്പോസിറ്റ് തുക(1,82,275/-) ധനകാര്യപത്രകയിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. സമർപ്പിച്ച രേഖകൾ പ്രകാരമുള്ള TSC വരവ്(20,61,000/-) ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല (22,91,000/-).
10. ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം MNREGS-EFMS വരവ്/ചെലവ് 13463000/- രൂപയും, MNREGS-Admin ചെലവ് 2337000/-രൂപയുമാണ്. ഇതനുസരിച്ച് I6-ാം ഷെഡ്യൂളിൽ വരേണ്ടത് 136600000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ I6-ാം ഷെഡ്യൂളിൽ 135546979/- രൂപയാണ് കാണിച്ചിരിക്കുന്നത്. (എന്നാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള Admin. ചെലവ് 1502598/- രൂപയാണ്) ക്യാഷ്ബുക്ക് പ്രകാരമുള്ള Admin. വരവ് (2047665) ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല (2281625)
11. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും ധനകാര്യ പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.
12. തനത് വരവിനങ്ങളുടെ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ധനകാര്യപത്രിക പ്രകാരമുള്ള വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
13. സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
14. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
15. ഡെപ്പോസിറ്റ് രജിസ്റ്റർ ചട്ട പ്രകാരം സൂക്ഷിക്കുന്നില്ല.

## 2-2 തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർധവർഷം വീട്ടുവാടകബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവയൊഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. എന്നാൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്സ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തി ക്കാണുന്നില്ല. ആയതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിൽ പറയുന്ന ആകെ അർദ്ധ വാർഷിക വരുമാനത്തിൽ പ്രസ്തുത വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്

## 2-3 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽനികുതിയും സ്ഥാപനനികുതിയും ഈടാക്കിയിട്ടുള്ളത്. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ ഓഡിറ്റിനായിട്ടില്ല. ആയതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 5മാതൃകയിൽ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള

കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആലച്ചൽക്കോണം, വട്ടപ്പറമ്പ് എന്നീ വാർഡുകൾലെ ഒരു സ്ഥാപനം പോലും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് മേഖലയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

## 2-5 ഡി & ഒ- മതിയായ രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കുന്നു.

ഡി. ആന്റ് ഒ. ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും മറ്റ് രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ആരോഗ്യവകുപ്പിൽനിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റ്, ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്ന/വിൽപന നടത്തുന്ന/സംഭരിക്കുന്ന വ്യാപാരസ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഹെൽത്ത് കാർഡ് (ആവശ്യമായവയ്ക്ക്), എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടായിരിക്കാൻ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-6 പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ലൈസൻസിനായുള്ള അപേക്ഷയിൽ ഉൾപ്പെടുത്തുന്നില്ല

ജി.ഒ (ആർ.ടി.) 795/2007/ത.സ്വ.ഭ.വ, തിയതി. 16-03-2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസിനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ അപേക്ഷ യോടൊപ്പം പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. പ്രസ്തുത ഉത്തരവനു സരിച്ച് 30മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുവെന്നുള്ള സാക്ഷ്യപത്രം അപേക്ഷകൻ നൽകണമെന്നിരിക്കെ ആയത് ഹാജരാക്കാതെയുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാ തിരിക്കാൻ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി കുടിശ്ശിക - 5921601/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത്

കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 5921601/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം പ്രസ്തുത തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്. വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-8 ട്യൂട്ടോറിയൽ കോളേജുകളിൽ നിന്ന് രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1999-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം പഞ്ചായത്ത് മേഖലയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പുതുക്കൽ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതും അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെയോ രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിക്കുന്നു.

1. പ്രകാശ് കോളേജ് വെള്ളറട.

2. ശാന്തിനികേതൻ വെള്ളറട.

3. വിശ്വസാരഥി വെള്ളറട.

## 2-9 മൊബൈൽ ടവറുകളിൽ നിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ അവയിൽനിന്ന്

കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. ജി.ഒ(എം.എസ്) നം.113/ 2009/ത.സ്വ.ഭ.വ, തിയതി. 02-01-2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്. ജി.ഒ(ആർ.ടി)19/2011/ത.സ്വ.ഭ.വ, 01-04-2013നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കേണ്ട കുറഞ്ഞ വസ്തുനികുതി ചതുരശ്രമീറ്ററിന് 500/-രൂപയാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി (04/17 നമ്പർ എൻക്വയറി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്.

## 2-10 പരസ്യനികുതി ഈടാക്കുന്നില്ല

2016-17-ൽ പരസ്യ നികുതിയിനത്തിൽ 5040/-രൂപയാണ് വരവ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യങ്ങൾക്കും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18 തിയതി- 27.09.2017) പരസ്യനികുതി ഈടാക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കാൻ അടുത്ത മീറ്റിംഗിൽ വിഷയം പരിഗണനയ്ക്കുവയ്ക്കുന്നതാണെന്ന് മറുപടി നൽകി.

## 2-11 ലേല കുടിശ്ശിക - 15500/-രൂപ പിരിച്ചെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ആറാട്ടുകുഴി പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസിനത്തിൽ ലേലം കൊണ്ട ശ്രീ.ഇ.സത്യരാജ് ലേല തുകയായ 10500/-രൂപയിൽ 10,000/-രൂപയും ആറാട്ടുകുഴി ചിറതലയ്ക്കൽ കുളബണ്ടിൽ 18 തെങ്ങുകൾ മേലാദായത്തിന് ലേലം കൊണ്ട ശ്രീ.മംഗൾദാസ് ലേല തുകയായ 5700/-രൂപയിൽ 5500/-രൂപയും ചേർത്ത് ആകെ 10000+ 5500 = 15500/-രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. മേൽ കുടിശ്ശിക സാഹചര്യത്തിന് വിശദീകരണവും ആയതിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവരവും ലഭ്യമാക്കുവാൻ 23.09.2017-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.6-ന് ലേല കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിച്ച് അടിയന്തിരമായി ടി വ്യക്തികളിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ലേല കുടിശ്ശിക തുക തിരികെ പിടിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതിനും

ഭാവിയിൽ ഇത്തരം കുടിശ്ശിക വരാതിരിക്കുവാനും ഭരണ സമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 2-12 ബിൽഡിംഗ് പെർമിറ്റ് ഫീസ് നിർണ്ണയം - 1497/-രൂപ കുറവ് ഈടാക്കി.

2016-17 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 75 അപേക്ഷകൾ ലഭിക്കുകയും ആയതിന് ബിൽഡിംഗ് പെർമിറ്റ് ഫീസ് നിർണ്ണയിച്ച് ഈടാക്കുകയും ചെയ്തിട്ടുണ്ട്. പെർമിറ്റ് ഫീസ് നിർണ്ണയിച്ചതിൽ ഉണ്ടായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും അഡ്രസ്സും | തറവിസ്തീർണ്ണം | ഈടാക്കേണ്ടത് | ഈടാക്കിയത് | ബാക്കി |
|---|---|---|---|---|---|
| 1 | ബിനു.വി, ബിനു ഭവൻ, ആലികോട്, കുടയൽ.പി.ഒ. | 136.5 $m^2$ x 3 | 410 | 25 | 385 |
| 2 | പ്രഭകുമാർ.എസ്, ചന്ദ്രസരസ്, ഡാലുംമുഖം | 118.07$m^2$ x 3 | 356 | 156 | 200 |
| 3 | സണ്ണി ജോസഫ്, മണിയമ്മ വർഗ്ഗീസ്, മട്ടകോട്ടൽ വീട്, കളിയൽ, ആറുകാണി.പി.ഒ | 180.25 $m^2$ x 3 | 541 | 55 | 486 |
| 4 | അജിത് കുമാർ, അജിത് ഭവൻ, | 105.15 $m^2$ x 3 | 315 | 270 | 45 |

| | | | | | |
|---|---|---|---|---|---|
| | വെൻകോട്, വടക്കിൻകര പുത്തൻവീട്, പനച്ചമൂട് | | | | |
| 5 | എൻ.ബാബു, വാഴവിളക്കുഴി പുത്തൻവീട്, കൃഷ്ണപുരം | 192.04 $m^2$ x 3 | 576 | 195 | 381 |
| ആകെ | | | | | 1497 |

ബിൽഡിംഗ് പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 1497/-രൂപ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ടി തുക തനത് ഫണ്ടിൽ അടവ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-13 കടമുറികളുടെ വാടക കുടിശ്ശിക -37087/- നടപടി അനിവാര്യം.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 2016-17 സാമ്പത്തിക വർഷം കടമുറികളുടെ വാടകയിനത്തിൽ 37087/-രൂപ കുടിശ്ശിക യിനത്തിൽ നിലനിൽക്കുന്നു. സമയ ബന്ധിതമായി കടമുറികളുടെ വാടക ഈടാക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തനത് ഫണ്ടിന് വാടകയിനത്തിൽ ലഭ്യമാകുമായിരുന്ന തുക ലഭിക്കാത്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് 23.09.2017-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5-ന് ഈടാക്കുവാൻ നിലനിൽക്കുന്ന തുക നിയമപരമായ നടപടികൾ സ്വീകരിച്ച് ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയിരിക്കുന്നത്. വാടക കുടിശ്ശിക വരുത്തിയവർ തന്നെ തുടർന്നും കടമുറികൾ ഉപയോഗിച്ചുവരുന്നു. കുടിശ്ശിക തുക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുട്ടച്ചൽ അംഗനവാടി മെയിന്റനൻസ് - ഇലക്ട്രിഫിക്കേഷൻ ചെയ്ത രേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സം ചെയ്യുന്നു- 34783/-രൂപ.

പദ്ധതി നം. : 54/17

അടങ്കൽ : 4000000/-

ചെലവ് 325377/-

എം.ബുക്ക് നം. : 223/1617 & 29/16-17

കൺവീനർ : സന്ധ്യാ ദേവി

ബിൽ നം. : 60/16-17 തീയതി. 30.03.17

ഗണഭോക്തൃ സമിതി നിർവ്വഹിച്ച പ്രസ്തുത പദ്ധതിക്ക് 400000/-രൂപ വകയിരുത്തിയി രുന്നതിൽ 40000/-രൂപ ഇലക്ട്രിക് പ്രവൃത്തികൾക്ക് വേണ്ടി അംഗീകരിച്ചതാണ്. ടി തുക കൺവീനർ ഹാജരാക്കുന്ന ബിൽ പ്രകാരം (as per bill) അനുവദിക്കുവാനാണ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിച്ചതിൽ 34783/- രൂപ ഇലക്ട്രിക് പ്രവൃത്തിക്ക് നൽകിയതായി കാണുന്നു. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട ബിൽ, വൗച്ചർ, കൂലി എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി. കൺസൾട്ടന്റ് എഞ്ചിനീയറുടെ (Rtd) എസ്റ്റിമേറ്റും എം ബുക്കും മാത്രമാണ് ലഭ്യമാക്കിയത്. സി.ഇ-യുടെ സർക്കുലർ നം.1/1559/2010.ത.സ്വ.ഭ.വ. തീയതി. 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങളുടെ ബിൽ, വൗച്ചറുകൾ, മിനിട്ട്സ് ബുക്ക് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ടി അപാകത ഓഡിറ്റ് എൻക്വയറി നം.12 തീയതി. 26.09.17 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥടെ ബോധ്യപ്പെടുത്തിയിരുന്നു. ഇലക്ട്രിക് പ്രവൃത്തിക്ക് വേണ്ടി ചെലവ് ചെയ്ത തുകയുടെ ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 34783/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-2 മെഡിക്കൽ ഓഫീസർ - സി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതികൾ അപാകതകൾ - 200000/-രൂപ തടസ്സം ചെയ്യുന്നു.

1) പദ്ധതിയുടെ പേര് : സാന്ത്വന പരിചരണം (ജില്ലാ വിഹിതം)

പദ്ധതി നം. : 216/2017

അടങ്കൽ : 100000/-

ചെലവ് : 100000/-

ബിൽ നം. : 6/16-17 തീയതി. 31.03.17

സാന്ത്വന പരിചരണം (ജില്ലാ വിഹിതം) എന്ന പദ്ധതിയ്ക്കായി 100000/-രൂപ പിൻവലിച്ച് ജില്ലാ പഞ്ചായത്തിലേക്ക് (അക്കൗണ്ട് നം.79901140000989) ഓൺ ലൈൻ ട്രാൻസ്ഫർ നടത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) പദ്ധതി : സാന്ത്വന പരിചരണം (നം.113/16-17)

അടങ്കൽ : 900000/-

ചെലവ് : 900000/-

ബിൽ നം. : 1/16-17 തീയതി. 26.11.16 - 500000/-രൂപ

3/16-17 തീയതി. 15.03.17 - 317500/-രൂപ

4/16-17 തീയതി. 31.03.17 - 82500/-രൂപ

മേൽ പദ്ധതിക്ക് ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനായി ഔഷധി ഫാർമസ്യൂട്ടിക്കൽസ് പത്തനാപുരം, കൊല്ലം എന്ന സ്ഥാപനത്തിന് 100000/-രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.3/16-17) എന്നാൽ നാളിതുവരെയും ഒരു മരുന്നും ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുകകളെയും അപാകതകളെയും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.14 തീ.26.09.17 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 200000/-രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 സെന്ററിംഗ് & ഷട്ടറിംഗിന് അധിക നിരക്കും തുകയും നൽകി - നഷ്ടം 2549/-രൂപ

പ്രവൃത്തി : മുട്ടച്ചൽ അംഗനവാടി നിർമ്മാണം (91/17)

അടങ്കൽ : 1000000/-

ചെലവ് : 989511/-

കരാറുകാരൻ : സിംല ഡേവിഡ്

എം.ബുക്ക് : 589/16-17

ബിൽ നം. : 1/16-17 തീയതി. 29.11.16 – 989511/-രൂപ

പ്രസ്തുത പ്രവൃത്തിക്ക് 45 സെ.മീ. പൊക്കത്തിൽ കരിങ്കല്ല് ഉപയോഗിച്ച് അടിസ്ഥാനം നിർമ്മിച്ചിട്ടുണ്ട്. ഇതിന് മുകളിൽ 15 സെ.മീ കനത്തിൽ ബെൽറ്റ് കോൺക്രീറ്റ് ചെയ്യുന്നതിനായി, സെന്ററിംഗ് & ഷട്ടറിംഗ് ഇനത്തിൽ DSR 5-9-5 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. (എം.ബുക്ക് പേജ് നം.8). എന്നാൽ 15 സെ.മീ. മാത്രം കനമുള്ള ബെൽറ്റ് കോൺക്രീറ്റിന് DSR 5-9-1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടിയിരുന്നത്. തൻമൂലം ചുവടെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

നൽകിയ തുക 13.15 $m^2$ @ 474.50/$m^2$ = 6240/-

നൽകേണ്ട തുക 13.15 $m^2$ @ 280.66/$m^2$ = 3691/-

അധികം നൽകിയ തുക = 2549/-

മേൽ സൂചിപ്പിച്ച അപാകത ഓഡിറ്റ് എൻക്വയറി നം.12 തീയതി. 26.09.17 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം. : S0010/17

അടങ്കൽ തുക : 100000/-

ചെലവ് തുക : 100000/-

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ( ആയുർവേദം)

ബിൽ നം. : 02/16-17, 15-03-2017.

'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 100000/- രൂപയുടെ ട്രഷറി ബിൽ 02/16-17, 15.03.2017 -ന് കേരള സ്റ്റേറ്റ് ഹോമിയോപതി സഹകരണ ഫാർമസിയുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ലായെന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റിന് നേരിട്ട് മറുപടി നല്കിയിട്ടുണ്ട്. കേന്ദ്രീകൃത രീതിയിലുള്ള വാങ്ങൽ നടത്തി ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്ത് വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ തദ്ദേശ

സ്വയം ഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് 11-01-2016ലെ ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് നിഷ്ക്കർഷിച്ചിട്ടുണ്ട്. മരുന്നുകൾ ഹോമിയോ ആശുപത്രിക്ക് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 197476 /-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : S0 /95 /17

പ്രോജക്ട് പേര് : ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട അടങ്കൽ : 800000/-

പ്രോജക്ട് ,ചെലവ് : 800000/-

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

ബിൽ നം. : 01/16-17

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുവാൻ 2016-17വർഷം ട്രഷറിയിൽ നിന്നും 800000/-രൂപ പിൻവലിച്ച് ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് അയച്ചതിൽ നാളിതുവരെയായി 602524/- രൂപയുടെ മരുന്ന് മാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്. 197476/-രൂപയുടെ മരുന്ന് ഔഷധിയിൽനിന്നും ആശുപത്രിക്ക് ഇനിയും ലഭിക്കുവാനുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച 15നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-6 ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. 200000/-രൂപ

ശുചിത്വ മിഷനിൽ നിന്നുള്ള ഫണ്ട് ചെക്ക് നം 5401366 തീയതി 28/07/2016 പ്രകാരം തനത് ഫണ്ടിൽ നിന്നും വെള്ളറട CHC മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീയതി.27/092017) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 200000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 3-7 തനത് വരുമാനം ഒറ്റ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്

സർക്കുലർ നം. 58725/എഫ്.എം.3 2008/ത.സ്വ.ഭ.വ തീയതി.26.05.2011 പ്രകാരം തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രമേ സൂക്ഷിക്കാൻ പാടുള്ളൂ. എന്നാൽ വെള്ളറട ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം രണ്ട് അക്കൗണ്ടുകളിലായാണ് സൂക്ഷിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് | നീക്കിയിരുപ്പ് (as on 31.03.2017) |
|---|---|---|
| 1 | യൂണിയൻ ബാങ്ക്, വെള്ളറട (A/C no. 736902010002320) | 18206733 |
| 2 | ഡി.സി.ബി., വെള്ളറട (A/C no. 02061001000001) | 2697942 |

ഇതിൽ ക്രമ നം.2-ലെ അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല. തനത് വരുമാനം ഒറ്റ അക്കൗണ്ടിലേക്ക് മാറ്റാൻ വേണ്ട തുടർനടപടി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ധനകാര്യ പത്രിക പരിശോധിച്ചതിൽ വിവിധ ഇനങ്ങളിൽ നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | അഡ്വാൻസ് തുക |
|---|---|---|
| 1 | Festival Advance | 19,000/- |
| 2 | Advance to implementing officer | 8,000/- |

| | | |
|---|---|---|
| | | |
| 3 | Advance to Others | 4,38,645/- |
| 4 | Advance to implementing Agencies- Ground water | 7,080/- |

ജി.ഒ(പി) 419/2011/ഫിൻ തീയതി.04.10.2011.നം. സർക്കാർ ഉത്തരവ് പ്രകാരം അഡ്വാൻസായി കൈപ്പറ്റിയ തുക, അനുബന്ധ രേഖകൾ ഹാജരാക്കി മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പിഴപ്പലിശയുൾപ്പെടെ തിരിച്ചു പിടിക്കേണ്ടതുമാണ്. എന്നാൽ വെള്ളറട ഗ്രാമപഞ്ചായത്തിൽ മേൽ തുകകൾ സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് തുക അതാത് വ്യക്തികളിൽ നിന്നും പിഴപ്പലിശയുൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-9 സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് നം. : SO 24/16-17

അടങ്കൽ : 1,00,000/-

ചെലവ് : 8,500/- (11/16-17)

2016-17-ൽ കരാട്ടെ പരിശീലനം പ്രോജക്ട് ഐ.സി.ഡി.എസ്-നെ നിർവ്വഹണോദ്യോഗസ്ഥയാക്കി നടപ്പിലാക്കി. ടി പ്രോജക്ട് നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത 50 കുട്ടികളും ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ പഠിതാക്കളാണ്. മേൽ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്കൂൾ കുട്ടികൾക്കുള്ള കരാട്ടെ പരിശീലനം നിർവ്വഹണം നടത്തേണ്ടത് പഞ്ചായത്തിലെ എൽ.പി/യു.പി ഹെഡ്മാസ്റ്ററാണ്
2. ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ കുട്ടികൾക്കായുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് ജില്ലാപഞ്ചായത്താണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധി എൽ.പി/യു.പി വരെയാണ്

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിൽ അനുശാസ്സിക്കും പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ മേഖല ചുമതലയിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 409 |
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 8259 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 7005 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 534 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 534 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 23 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 512 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 502 |
| ആകെ തൊഴിൽ കാർഡുകൾ | 8692 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ | 446492 |

| | |
|---|---|
| എണ്ണം | |
| 100 ദിനം പൂർത്തിയാക്കിയത് | 155 |
| മുന്നിരിപ്പ് (AFS പ്രകാരമുള്ളത്) | 9968 |
| വരവ് (AFS പ്രകാരമുള്ളത്) | 2281625 |
| ആകെ വരവ് (AFS പ്രകാരമുള്ളത്) | 2291593 |
| ആകെ ചെലവ് (AFS പ്രകാരമുള്ളത്) | 1510979 |
| നീക്കിയിരിപ്പ് (AFS പ്രകാരമുള്ളത്) | 780614 |
| EFMS പ്രകാരമുള്ള വരവ് (AFS പ്രകാരമുള്ളത്) | 134036000 |
| EFMS പ്രകാരമുള്ള ചെലവ് (AFS പ്രകാരമുള്ളത്) | 134036000 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 182275 | 0 | 182275 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(കൈ)നം. 207/2010. ത.സ്വ. ഭ.വ തീയതി. 11.03.2010 | 19434000 | 9717000 | 3122400 | - | 6594600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 2.6 | 2009-10 | 2.4 | പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് | നഷ്ടത്തുക ഒടുക്കി |
| 2008-09 | 3.1 | 2010-11 | 5.21 | മത്സ്യവിപണനകേന്ദ്രം | മറുപടി സമർപ്പിച്ചു |
| 2009-10 | - | 2011-12 | 3.21 | വർക്കിംഗ് ഗ്രൂപ്പ് | മറുപടി സമർപ്പിച്ചു |
| 2009-10 | - | 2011-12 | 3.9.10 | റോഡുകളുടെ ചെയിനേജ് | മറുപടി സമർപ്പിച്ചു |
| 2009-10 | - | 2011-12 | 3.2.7 | ആസ്തി രജിസ്റ്റർ | മറുപടി സമർപ്പിച്ചു |
| 2009-10 | - | 2011-12 | 3.2.9 | റോഡ് കണക്ടിവിറ്റി | മറുപടി സമർപ്പിച്ചു |
| 2006-07 | 3.9 | 2009-10 | 2.1 | ജലനിധി | ഫയലുകൾ ഹാജരാക്കി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 103436133/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65191634/- |
| വരവിനങ്ങളിലുള്ള നഷ്ടം | 54084/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2549/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 632259/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-10 | 15500 | - | സെക്രട്ടറി |
| 2-11 | 1497 | - | സെക്രട്ടറി |
| 2-12 | 37087 | - | സെക്രട്ടറി |
| 3-3 | - | 2549 | ശ്രീമതി സൗമ്യ.ആർ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 54084 | 2549 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 34783 | ശ്രീമതി സൗമ്യ.ആർ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 2,00,000 | ഡോ.സുജ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-5 | 1,97,476 | ഡോ.രാഖി, മെഡിക്കൽ ഓഫീസർ (ആയുർവേദം) |

| | | |
|---|---|---|
| 3-6 | 2,00,000 | ശ്രീ.കെ.സതീഷ് കുമാർ, സെക്രട്ടറി |
| ആകെ | 632259 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേര്, ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി സൗമ്യ.ആർ.എസ്, അസ്സിസ്റ്റന്റ് എഞ്ചിനീയർ | സഞ്ജീവനം,<br>പി.പി. നഗർ, പേയാട്.പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി. ജി.പി.2/1203/2001<br>തീയതി 08.12.2005 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി. ജി.പി.2/304/2006<br>തീയതി 31.05.2006 | 12 | |
| 2003-04 | എൽ.എഫ്.റ്റി.ഡി. ജി.പി.2/1183/2008<br>തീയതി 02.06.2011 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി. ജി.പി.2/1184/2009 | 7 | |
| 2005-06 | എൽ.എഫ്.റ്റി.ഡി. ജി.പി.2/833/2009 | 7 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി. ജി.പി.2/1839/2009 | 9 | |
| 2007-08 | എൽ.എഫ്.റ്റി.ഡി. ജി.പി.2/522/2010<br>തീയതി 28.09.2010 | - | |
| 2008-09 | എൽ.എഫ്.റ്റി.ഡി. ജി.പി.2/523/2010<br>തീയതി 23.03.2012 | 32 | |
| 2009-10 | എൽ.എഫ്.റ്റി.ഡി. ജി.പി.2/1914/2013<br>തീയതി 29.11.2013 | 12 | |
| 2010-11 | എൽ.എഫ്.റ്റി.ഡി. ജി.പി.2/341/2013<br>തീയതി 04.06.2013 | 14 | |
| 2011-12 | എൽ.എഫ്.റ്റി.ഡി. ജി.പി.2/523/2010<br>തീയതി 23.03.2012 | 313 | |
| 2012-13 | എൽ.എഫ്.റ്റി.ഡി. ജി.പി.2/523/2010<br>തീയതി 23.03.2012 | 24 | |
| 2013-14 | എൽ.എഫ്.റ്റി.ഡി. ജി.പി.2/523/2016<br>തീയതി 23.03.2016 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1060/16<br>തീയതി.04.07.2016 | 20 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2167/16<br>തീയതി.26.12.2016 | 23 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം - 1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ബി.4-ഷെഡ്യൂളിൾ പ്രകാരമുള്ള TSC(320100115), ICDS(320100121), Suchithwamission (320200322), Beneficiary Contribution(320800101), Grants funds&Contribution - other than Developement fund (320200205) എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിനോടൊപ്പമാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത തുകകൾ അതതു പദ്ധതിചെലവുകൾക്ക് ഉപയോഗിക്കയോ, അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.
2. ബി.4-ഷെഡ്യൂൾ പ്രകാരമുള്ള Literacy Scheme Grant നീക്കിയിരുപ്പ് (2,019/-രൂപ) ബി.17- ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പുമായി(2,653/- രൂപ) പൊരുത്തപ്പെടുന്നില്ല.
3. Beneficiary Contribution(320800101).
4. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 3122400/- രൂപ ലോണടവുണ്ട്. എന്നാൽ വാർഷികധനകാര്യപത്രിപ്രകാരമുള്ള തിരിച്ചടവ് 1179000/- രൂപയാണ്.
5. ബി.9-ഷെഡ്യൂൾ പ്രകാരം Library Cess(5,71,634/-), VAT(38,052/-), Others (8,418/-) എന്നീ ഇനങ്ങളിൽ ബാക്കി നിൽക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്.
6. ബി.17-ഷെഡ്യൂൾ പ്രകാരമുള്ള അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.
7. ബി.18-ഷെഡ്യൂളിൽ Imprest(200/- രൂപ) ഉൾപ്പെടുത്തിയിട്ടില്ല.
8. ബി.18-ഷെഡ്യൂളിൽ ഉൾപ്പെട്ട Festival Advance (19,000/-), Advance to implementing Agencies-Deposit with Ground water Department(7080/-), Advance to implementing Officers (8000), Advance to others (4,38,645/-) ഇനങ്ങളിൽ നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.
9. KSEB-ക്ക് നൽകിയ ഡെപ്പോസിറ്റ് തുക(1,82,275/-) ധനകാര്യപത്രകയിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. സമർപ്പിച്ച രേഖകൾ പ്രകാരമുള്ള TSC വരവ്(20,61,000/-) ധനകാര്യപത്രികയുമായി പൊരുത്തടുന്നില്ല (22,91,000/-).
11. ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം MNREGS-EFMS വരവ്/ചെലവ് 13463000/- രൂപയും, MNREGS-Admin ചെലവ് 2337000/-രൂപയുമാണ്. ഇതനുസരിച്ച് I6-ഷെഡ്യൂളിൽ വരേണ്ടത് 136600000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ I6-ഷെഡ്യൂളിൽ 135546979/- രൂപയാണ് കാണിച്ചിരിക്കുന്നത്.
12. വസ്തുനികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകയും ധനകാര്യ പത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.
13. തനത് വരവിനങ്ങളുടെ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ധനകാര്യപത്രിക

പ്രകാരമുള്ള വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14. സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി തയ്യാറാക്കി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

16. ഡെപ്പോസിറ്റ് രജിസ്റ്റർ ചട്ട പ്രകാരം സൂക്ഷിക്കുന്നില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.